## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .2938

18/06/2019 -ൽ മറുപടിയ്ക്ക്

### ആധാര രജിസ്ട്രേഷൻ നടപടികളുടെ പരിഷ്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി. വി. ഇബ്രാഹിം<br>,, കെ.എം.ഷാജി<br>,, അബ്ദുൽ ഹമീദ് പി.<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ലളിതവും സുതാര്യവുമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ;

(എ) & (ബി) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ ലളിതവും സുതാര്യവുമാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭൂമിയുടെ ന്യായ വിലയുടെ അടിസ്ഥാനത്തിൽ മുദ്രയും ഫീസും കണക്കാക്കുന്നതിനും, പൊതുജനങ്ങൾക്ക് തന്നെ സ്വയം ആധാരം തയാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കി. ആധാരത്തിന്റെ അടിസ്ഥാന വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനും ആധാര രജിസ്ട്രേഷന് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനും രജിസ്ട്രേഷന് ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി അറിയുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തി.

രജിസ്ട്രേഷൻ സംബന്ധമായ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ആധാരത്തോടൊപ്പം ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റുകളുടെ എണ്ണം A3 സൈസിൽ നിന്നും A4 സൈസിലേക്ക് മാറ്റുകയുണ്ടായി. സഹകരണ ബാങ്കുകൾ മുഖാന്തിരമുള്ള പണയാധാരങ്ങളായ ഗഹാനുകൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു. ആധാര രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായുള്ള ഫോട്ടോയും വിരൽപതിപ്പും ഡിജിറ്റൽ ക്യാമറയുടെയും

| | |
|---|---|
| | ബയോമെട്രിക് ഉപകരണത്തിന്റെയും സഹായത്തോടെ നേരിട്ട് ആധാരത്തിൽ പതിയുന്ന രീതിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചു . ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തി . |
| (സി) ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) 2018-19 വർഷത്തിൽ സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിന് സി-ഡിറ്റുമായി സഹകരിച്ച് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൻപ്രകാരം പത്തനംതിട്ട ജില്ലയിലെ 15 സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ ജോലികൾ പുരോഗമിക്കുന്നു. പ്രസ്തുത പദ്ധതി 2019-20 സാമ്പത്തിക വർഷത്തിൽ ബാക്കിയുള്ള 13 ജില്ലകളിലും നടപ്പിലാക്കുന്നതാണ് . ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തികവർഷം 1500 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ